## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2216 08.07.2015-ൽ മറുപടിക്ക്**

## ഡോ.ഷാനവാസിന്റെ മരണത്തിന്മേലുള്ള അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| **ഡോ.കെ.ടി.ജലീൽ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിയായ ഡോ.ഷാനവാസ് സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അദ്ദേഹം എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും അദ്ദേഹത്തിന്റെ സർവ്വീസ് കാലയളവിൽ ഏതൊക്കെ ആശുപത്രികളിൽ എത്ര കാലം ജോലി ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) ഡോ.ഷാനവാസ് 18.01.2012-ലാണ് സർവീസിൽ പ്രവേശിച്ചത്. 18.01.2012 മുതൽ 12.09.2012 വരെ പാലക്കാട് അമ്പലപ്പാറ പി.എച്ച്.സി-യിലും 13.09.2012 മുതൽ 29.10.2014 വരെ മലപ്പുറം ജില്ലയിലെ ചുങ്കത്തറ സി.എച്ച്.സി-യിലും ആയതിനു ശേഷം പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പി.എച്ച്.സി-യിലുമാണ് ജോലി ചെയ്തുവന്നത്. |
| (സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സ്ഥലം മാറ്റത്തിനാണ് അദ്ദേഹം വിധേയനായിരുന്നിട്ടുള്ളത്; | (സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ സി.എച്ച്.സി-യിൽ നിന്നും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പി.എച്ച്.സി-യിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ആയതിനു ശേഷം പാലക്കാട് ജില്ലയിലെ തന്നെ ശിരുവാണി പ്രോജക്ട് ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നുവെങ്കിലും പിന്നീട് പ്രസ്തുത സ്ഥലംമാറ്റം പുനപരിശോധനയ്ക്കായി മാറ്റിവെച്ചിരുന്ന സമയത്താണ് പ്രസ്തുത ഡോക്ടർ മരണമടഞ്ഞത്. |

| | |
|---|---|
| (ഡി) ഈ സ്ഥലം മാറ്റങ്ങൾക്കൊക്കെ അദ്ദേഹം അപേക്ഷ നൽകിയിരുന്നുവോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലായിരുന്നു സ്ഥലമാറ്റങ്ങൾ എന്ന് വ്യക്തമാക്കാമോ; | (ഡി) സ്ഥലമാറ്റത്തിന് അപേക്ഷ നൽകുന്നതിന്റെ അടിസ്ഥാനത്തിലല്ല സ്ഥലം മാറ്റം നൽകുന്നത്. ഡോ.ഷാനവാസ് മദ്യപിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ശല്യമുണ്ടാക്കുന്ന രീതിയിൽ പെരുമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിൽ എടക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ കണക്കിലെടുത്തുമാണ് ടിയാനെ സ്ഥലം മാറ്റിയത്. |
| (ഇ) സർവ്വീസിലിരിക്കെ ഡോ.ഷാനവാസ് ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ടോ; | (ഇ) ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ട്. 04.05.2013-ൽ ഡോ.ഷാനവാസ്.പി.സി മദ്യപിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ശല്യമുണ്ടാകത്തക്ക രീതിയിൽ പെരുമാറുന്നു എന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എടക്കര പോലീസ് സ്റ്റേഷനിൽ നിന്നും അന്വേഷണം നടത്തുകയും ഇക്കാര്യം ശരിയാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുകയും ചെയ്തതിനാൽ കേസ് രജിസ്റ്റർ ചെയ്യുകയും 19.12.13-ൽ കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാലും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായവും കണക്കിലെടുത്ത് ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് 21.10.14-ലെ ഉത്തരവ് പ്രകാരം രണ്ട് വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തു. ഡോക്ടർക്ക് കരുളായി സി.എച്ച്.സി-യിലേയ്ക്ക് സ്റ്റോപ്പ് ഗ്യാപ് നിയമനം നൽകിയതിനെതുടർന്ന് ടി ഡോക്ടറെ ആരോഗ്യ വകുപ്പ് ഡയറക്ടർ പാലക്കാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു. |

(എഫ്) സസ്പെന്റ് ചെയ്യപ്പെട്ട ശേഷം വീണ്ടും സർവ്വീസിൽ പ്രവേശിച്ചത് തെളിയിക്കപ്പെടാത്തതിനെതുടർന്ന് അദ്ദേഹത്തെ കുറ്റവിമുക്തനാക്കി ക്കൊണ്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നോ;

(എഫ്) ഡോ.ഷാനവാസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടില്ല.

(ഡി) ഡോ.ഷാനവാസിനെ മേലുദ്യോഗസ്ഥന്മാർ മാനസികമായി പീഡിപ്പിച്ചിരുന്നതായുള്ള അദ്ദേഹത്തിന്റെ ടെലിഫോൺ സംഭാഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റങ്ങൾക്ക് പിന്നിൽ മരുന്നു മാഫിയയായിരുന്നു എന്നുള്ള ആക്ഷേപം പരിശോധി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ആക്ഷേപം അന്വേഷിക്കുമോ; അകാരണമായി ഡോ.ഷാനവാസിനെ സ്ഥലം മാറ്റിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ?

(ഡി) പ്രസ്തുത ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ച ശേഷം ആവശ്യമെങ്കിൽ നടപടി സ്വീകരിക്കു ന്നതാണ്.

സെക്ഷൻ ഓഫീസർ